# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1788** **16/06/2014-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാണിജ്യാടിസ്ഥാ നത്തിൽ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേയ്ക്ക് കടന്നിരിക്കുന്നു. കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന "ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യഉൽപന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി പ്രോസസിംഗ് സെന്ററുകളും അലങ്കാര മത്സ്യങ്ങൾ, ഉണക്ക മത്സ്യഉൽപന്നങ്ങൾ, മത്സ്യകൃഷി അനുബന്ധ സാമഗ്രികൾ എന്നിവയുടെ വിപണനശാലകൾ, മത്സ്യഉല്പന്നങ്ങളുടെ ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന ഫിഷ് മാളുകളും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ 'മത്സ്യ ആഹാര ശാല കൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യഉൽപന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | വിവിധ തരത്തിലുള്ള സ്നാക്ക്സ് രൂപത്തിൽ മത്സ്യ വിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ 25-ഓളം മൂല്യ വർദ്ധിത മത്സ്യഉൽപന്നങ്ങൾ വിപണിയിലെ ത്തിക്കുന്നു. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ കൊല്ലത്തുള്ള നളപാകം പ്രൊഡക്ഷൻ യൂണിറ്റിൽ വച്ച് 60-ഓളം പേർക്ക് പ്രസ്തുത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ട്രെയിനിംഗ് നൽകി. ട്രയൽ പ്രൊഡക്ഷൻ നടത്തി പല ജില്ലകളിലും എക്സിബിഷൻ/ ഫെയറുകളിൽ ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകരമായി നടത്തിയിട്ടുണ്ട്. ഇവ ഫിഷ്മെയ്ഡ് കിയോസ്കിലൂടെ വിപണിയിലെത്തിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**